പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. * 72 | 03.12.2014- ൽ മറുപടിക്ക് |

## വിഷാംശമുള്ള പച്ചക്കറികൾ തടയാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. പി. മുഹമ്മദ്<br>" കെ. അച്ചുതൻ<br>" ജോസഫ് വാഴയ്ക്കൻ<br>" വി. ഡി. സതീശൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഉത്പാദിപ്പിക്കുന്നതും, അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുമായ പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെ അംശം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പച്ചക്കറികളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുന്നതിനും, അത്തരം പച്ചക്കറികൾ വില്പനക്കെത്തിക്കുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | ബി) | പച്ചക്കറികളിൽ കീടനാശിനികളുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ, മുഖ്യമന്ത്രി ഇക്കാര്യവുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച്, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം വിൽപ്പന നികുതി വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. |
| സി) | പഴങ്ങൾ രാസവസ്തുക്കൾ ഉപയോഗിച്ച് കൃത്രിമമായി പഴുപ്പിക്കുന്നതിനെതിരെ സ്വീകരിച്ചതുപോലുള്ള നടപടി പച്ചക്കറികളിൽ കീടനാശിനി തളിക്കുന്നതിനെതിരെയും സ്വീകരിക്കുവാൻ തയ്യാറാകുമോ; | സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ കീടനാശിനികൾ പ്രയോഗിക്കുന്ന ഉറവിടം കണ്ടെത്താനും, കർഷകരെ ബോധവൽക്കരിക്കുന്നതിനും വേണ്ടി, അവിടെയുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാരുമായും ചർച്ച നടത്തി നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | കേരളത്തിൽ ക്യാൻസർ, വൃക്കരോഗം എന്നിവ വർദ്ധിച്ചുവരുന്നതിനുള്ള കാരണം ഇത്തരത്തിൽ മാരകമായ വിഷാംശമുള്ള പച്ചക്കറികളുടെ ഉപയോഗം നിമിത്തമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | കേരളത്തിൽ ലഭിക്കുന്ന പഴം / പച്ചക്കറികളിൽ മാരകമായ വിഷാംശം അടങ്ങിയിരിക്കുന്നതായി, പഠനങ്ങളുടെ അടിസ്ഥാനത്തിൽ അറിവുള്ളതാണ്. ഇതിൽ കീടനാശിനിയായും, സംഭരണത്തിനുമായും ഉപയോഗിക്കുന്നുവെന്ന് ആരോപിക്കപ്പെടുന്ന രാസവസ്തുക്കൾ ആരോഗ്യത്തിന് ഹാനികരവും, ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾക്ക് കാരണമാകുന്നുവെന്നും പഠനങ്ങൾ തെളിയിക്കുന്നു. ഉപയോഗിക്കുന്ന രാസവസ്തു, അതിന്റെ അളവ്, കാലദൈർഘ്യം തുടങ്ങിയ വ്യത്യസ്ഥ ഘടകങ്ങൾ ഇതിന് ഹേതുവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**